സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.12622/22/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 12 /7/2022

## സർക്കുലർ

വിഷയം:- ക്ഷേത്രങ്ങളിലെ കാണിക്ക വഞ്ചികൾ വൃത്തിയായി പരിപാലിക്കുന്നത് - സംബന്ധിച്ച്

സൂചന:- 10/06/2022 ലെ ആർ.ഒ.സി.87/22/എസ്റ്റ.1 (ii) നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള ക്ഷേത്രങ്ങളിലെ മുഖ്യവരുമാന സ്രോതസ്സ് ദേവസ്വങ്ങളിലെ കാണിക്ക വഞ്ചി ആണ്.ക്ഷേത്ര പരിസരങ്ങളിലും നാലാമ്പലത്തിന് ഉള്ളിലും കാണിക്ക വഞ്ചികൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കാണിക്ക വഞ്ചികൾ വൃത്തിയായി പരിപാലിക്കപ്പെടുന്നില്ല എന്ന പരാതി ഭക്തജനങ്ങൾ ഉൾപ്പെടെ വിവിധ കോണുകളിൽ നിന്നും ഉയരുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആകയാൽ ഭക്തജനങ്ങൾക്ക് കാണിക്ക സമർപ്പിക്കാൻ ഉതകുന്ന സ്ഥലങ്ങളിൽ ദേവസ്വങ്ങളിലെ കാണിക്ക വഞ്ചികൾ സ്ഥാപിയ്ക്കുകയും, ആയത് വൃത്തിയായി പരിപാലിക്കുന്നതിനും അതത് ദേവസ്വങ്ങളിലെ എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രൂപ്പ് ആഫീസർമാർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾ
2) ഇ.ഡി.പി സെക്ഷൻ
3) സെക്ഷൻ ഫയൽ

Jyo.11/07